# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1074** | **30.11.2018-ൽ മറുപടിക്ക്**

## ആവാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, എൻ. വിജയൻ പിള്ള<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.യു. ആർ. പ്രദീപ് : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ കണക്കെടുക്കുന്നതിനും ക്ഷേമ പദ്ധതികൾ ഏർപ്പെടുത്തുന്നതിനും ഉദ്ദേശിച്ച് നടപ്പാക്കുന്ന ആവാസ് പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) 26.11.2018 വരെ 329240 ഇതര സംസ്ഥാന തൊഴിലാളികളെ ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടുന്ന ലഹരിപദാർത്ഥ-മയക്കമരുന്നു കടത്ത് കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇവരുടെ വിവരശേഖരണത്തിനായി ആവാസ് പദ്ധതിയിൽ അംഗത്വം നിർബന്ധമാക്കുന്നതിന്റെ സാധ്യത പരിശോധിക്കുമോ; | (ബി) കേരള സംസ്ഥാനത്ത് എത്തിച്ചേരുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളെയും ആവാസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. നിർബന്ധിത രജിസ്ട്രേഷൻ നടപ്പിലാക്കുവാൻ സാധ്യമല്ല. |
| (സി) സംസ്ഥാനത്തേക്കുള്ള തൊഴിലാളികളുടെ കുടിയേറ്റം സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; സമിതിയുടെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമാണ്; | (സി) തൊഴിലും നൈപുണ്യവും വകുപ്പ് സംസ്ഥാനത്തേക്കുള്ള തൊഴിലാളികളുടെ കുടിയേറ്റം സംബന്ധിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടില്ല. |
| (ഡി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് നിശ്ചിത വേതനം, മാന്യമായ താമസ സൗകര്യം, ചികിത്സാ സഹായം തുടങ്ങിയവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ വകുപ്പ് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ? | (ഡി) മിനിമം വേതന നിയമപ്രകാരം ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവർ പരിശോധന നടത്തി മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു.<br>തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളിലൊന്നാണ് 'അപ്നാഘർ" |

പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് പദ്ധതികളിൽ നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. 620 പേർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഹോസ്റ്റലാണിത്. ഈ മാതൃകയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

"ചിയാക്ക"മായി സഹകരിച്ച് "ചിസ് പ്ലസ്" മാതൃകയിൽ "ആവാസ്" പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്ക് 15,000/- രൂപ വരെയുള്ള ഇൻപേഷ്യന്റ് സൗജന്യ ചികിത്സാ സഹായം 56 ഗവൺമെന്റ് ഹോസ്പിറ്റലുകളിലായി നൽകിവരുന്നുണ്ട്. ആരോഗ്യ ഇൻഷുറൻസിനോടൊപ്പം 2,00,000/- രൂപയുടെ അപകടമരണ ഇൻഷുറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തുന്നു.

സെക്ഷൻ ഓഫീസർ.